LIBRARY ARCHIVES Kerala Legislative Assembly

പട്ടാമ്പിയിൽ ഭാരതപ്പുഴ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി

129 (878) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഭാരതപ്പുഴയുടെ മലിനീകരണത്തെ ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുമെന്നതിനാലും ഒരു ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള എല്ലാ സാധ്യതകളും പട്ടാമ്പിയിൽ ഉള്ളതിനാലും അത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "മലബാർ ലിറ്റററി സർക്യൂട്ട് " പദ്ധതിയിൽ ഭാരതപ്പുഴയുടെ തീരത്തെ പ്രസക്ത ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

നെഹ്രു പാർക്ക് നവീകരണം

130 (879) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ നെഹ്രു പാർക്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനമാവ് നെഹ്രു പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന വിനോദസഞ്ചാര വകുപ്പ് 98,00,000 രൂപയുടെ ഭരണാനുമതി നൽകുകയും ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന വിവിധ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയുടെ വിനോദസഞ്ചാര സാധ്യതകൾ

131 (880) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിനോദസഞ്ചാരത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വിനോദസഞ്ചാരത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ 5 വർഷം നടപ്പാക്കിയ പദ്ധതികളുടേയും അവ ഉൾപ്പെടുന്ന പ്രദേശങ്ങളുടേയും മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പ്രദേശങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷം നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ എന്തൊക്കെയാണെന്നും ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വിനോദസഞ്ചാരത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ 5 വർഷം നടപ്പാക്കിയ പദ്ധതികളുടേയും അവ ഉൾപ്പെടുന്ന പ്രദേശങ്ങളുടേയും മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഫണ്ട് തീരെ അനുവദിക്കാത്തതും എന്നാൽ വിനോദസഞ്ചാര സാധ്യതയുള്ളതുമായ ഏതെല്ലാം പ്രദേശങ്ങൾ ജില്ലയിലുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

1. കണ്വതീർഥ ബീച്ച്, മഞ്ചേശ്വരം മണ്ഡലം
2. പൊസഡിഗുംപെ ഹിൽസ് , മഞ്ചേശ്വരം മണ്ഡലം
3. തളങ്കര അഴിമുഖം , കാസർഗോഡ് മണ്ഡലം
4. കാപ്പിൽ ബീച്ച്, ഉദുമ മണ്ഡലം
5. ഒഴിഞ്ഞവളപ്പ് ബീച്ച്, കാഞ്ഞങ്ങാട് മണ്ഡലം
6. അഴിത്തല ബീച്ച്, തൃക്കരിപ്പൂർ മണ്ഡലം
7. ഒരിയര ബീച്ച്, തൃക്കരിപ്പൂർ മണ്ഡലം
8. വലിയപറമ്പ് ബീച്ച്, തൃക്കരിപ്പൂർ മണ്ഡലം.

(ഡി) കാസർഗോഡ് കസബ, ലൈറ്റ് ഹൗസ്, ബീച്ച് എന്നിവ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളാണോ; എങ്കിൽ ഇവിടെ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ ആയതിനായി പഠനം നടത്തി സാധ്യതകൾ കണ്ടെത്തുമോ?

കാസർഗോഡ് കസബ ബീച്ചിൽ ഏതാണ്ട് അമ്പത്തി ഏഴ് ലക്ഷം രൂപ ചെലവഴിച്ച് ടൂറിസം വകുപ്പ് കഫറ്റേരിയ, കുട്ടികളുടെ പാർക്ക്, ടോയലറ്റ് റെയിൻ ഷെൽട്ടർ, ചുറ്റുമതിൽ തുടങ്ങിയവ നിർമ്മിച്ചിരുന്നുവെങ്കിലും പ്രദേശവാസികളുടെ ഏതിർപ്പ് കാരണം പ്രസ്തുത കേന്ദ്രം പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ല. ലൈറ്റ് ഹൗസ്, ബീച്ച് എന്നിവിടങ്ങളിൽ പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly